Draft #3 of File 55345/ADA2 SO/2026/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 08-Sep-2026 04:46 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് വകുപ്പ് മേധാവി പ്രൊഫ.(ഡോ.) ബിനു ജോർജ് വർഗീസിന് (PEN: 2427, UPEN: U15588), മഹാത്മാഗാന്ധി സർവകലാശാലാ രജിസ്ട്രാറുടെ പൂർണ്ണ അധിക ചുമതല നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 8116/AD A 2/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.09.2026

---

*പരാമർശം:*-1. സർവകലാശാല ഉത്തരവ് നമ്പർ.6341/AD A2/2026/MGU, തീയതി 22.06.2026
2. സർവകലാശാല ഉത്തരവ് നമ്പർ.6550/AD A2/2026/MGU, തീയതി 30.06.2026
3. 28.07.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, മിനുട്സ് ഇനം നമ്പർ.71/55345/AD A2 SO/2026

**ഉത്തരവ്**

സർവകലാശാലാ രജിസ്ട്രാർ ആയിരുന്ന പ്രൊഫ.(ഡോ.)ബിസ്മി ഗോപാലകൃഷ്ണൻ, 30.06.2026 തീയതിയിൽ, പരാമർശം (1) പ്രകാരം, പ്രസ്തുത സ്ഥാനത്ത് നിന്നും വിടുതൽ ചെയ്യുകയുണ്ടായി.

തുടർന്ന്, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് വകുപ്പ് മേധാവി പ്രൊഫ.(ഡോ.) ബിനു ജോർജ് വർഗീസിന് (PEN: 2427, UPEN: U15588), 01.07.2026 പൂർവ്വാഹ്നം മുതൽ സർവകലാശാലാ രജിസ്ട്രാറുടെ പൂർണ്ണ അധിക ചുമതല നൽകിക്കൊണ്ട്, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം III, വകുപ്പ് 10 (17)-ൽ അനുശാസിക്കുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവാകുകയും, പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

വൈസ് ചാൻസലർ കൈക്കൊണ്ട നടപടി 28.07.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന്, സിൻഡിക്കേറ്റ് യോഗം, പരാമർശം (3) പ്രകാരം, ചുവടെ ചേർത്തിരിക്കുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

"സർവകലാശാലാ രജിസ്ട്രാർ ആയിരുന്ന പ്രൊഫ.(ഡോ.) ബിസ്മി ഗോപാലകൃഷ്ണനെ 30.06.2026 അപരാഹ്നം മുതൽ പ്രസ്തുത സ്ഥാനത്ത് നിന്നും വിടുതൽ ചെയ്യുവാനനുവദിച്ചുകൊണ്ടുള്ള 22.06.2026 തീയതിയിലെ 6341/AD A 2/2026/MGU സർവകലാശാല ഉത്തരവും, തുടർന്ന്, സ്കൂൾ ഓഫ്

ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് വകുപ്പ് മേധാവി പ്രൊഫ.(ഡോ.) ബിനു ജോർജ് വർഗീസിന് 01.07.2026 പൂർവ്വാഹ്നം മുതൽ സർവകലാശാലാ രജിസ്ട്രാറുടെ പൂർണ്ണ അധിക ചുമതല നൽകിക്കൊണ്ട്, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം III, വകുപ്പ് 10 (17)-ൽ അനുശാസിക്കുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനവും, തദനുസരണം പുറപ്പെടുവിച്ച 30.06.2026 തീയതിയിലെ 6550/AD A2/2026/MGU നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജയലക്ഷ്മി പി ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, രജിസ്ട്രാർ (i/c)
2. വൈസ് ചാൻസലറുടെ പി.എസ്
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.
4. ജോയിൻ്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
5. ഐ.ക്യു.എ.സി. (IQAC) / ഐ.ടി. സെൽ
6. ഓഡിറ്റ് / ഫിനാൻസ് / എഫ്.സി.സി.
7. എ.ഡി. എ1/5/7/9, എ.ഡി. സി 4/5
8. Acc1/Action Taken Report
9. വെബ്സൈറ്റ് / റെക്കോർഡ്സ്

Draft #3 of File 55345/ADA2 SO/2026/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 08-Sep-2026 04:46 PM - Page 2

The document is digitally approved. Hence signature is not needed.